**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5539** **15-03-2023 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക അടിസ്ഥാനത്തിൽ ഡയറി ഫാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഡയറി ഫാമുകളാണ് വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ക്ഷീരവികസനവകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 21,004 ഡയറി ഫാമുകളാണ് വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത്. |
| (ബി) | ഇത്തരം ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | ഇത്തരം ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനും, ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും ക്ഷീരവികസനവകുപ്പ് മുഖേന നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ,സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ